2025 MARCH
21
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper






ലോകത്തെ ആദ്യ ഹൈഡ്രജൻ ഇന്ധന വെർട്ടിക്കൽ ടേക്ക് ഓഫ് ആന്റ് ലാൻഡിങ് എയർക്രാഫ്റ്റ് ഇക്കോ സിസ്റ്റം വികസിപ്പിക്കുന്നതിനുള്ള ധാരണാപത്രം ബിപിസിഎല്ലും അനെർട്ടും കൈമാറുന്നു

# ചെറുവിമാനങ്ങളിൽ ഹൈഡ്രജൻ: ബിപിസിഎല്ലും അനർട്ടും ധാരണയിൽ

**കൊച്ചി:** കാർബൺ നിയന്ത്രണ നടപടികളുടെ ഭാഗമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഹൈഡ്രജൻ ഇന്ധന വെർട്ടിക്കൽ ടേക്ക് ഓഫ് ആൻഡ് ലാൻഡിങ് എയർക്രാഫ്റ്റ് ഇക്കോ സിസ്റ്റം വികസിപ്പിക്കുന്നു. ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ ബിപിസിഎല്ലിന്റെ പുനരുപയോഗ ഊർജ വിഭാഗം ബിസിനസ് ഹെഡ് രഞ്ജൻ നായരും അനെർട്ട് സിഇഒ നരേന്ദ്ര നാഥ്വെലുരിയും തമ്മിൽ ഒപ്പുവെച്ചു.

നഗരങ്ങൾ കേന്ദ്രീകരിച്ച് താഴ്ന്നു പറക്കുന്ന ചെറു വിമാന സർവീസുകളുടെ സമൂലമായ മാറ്റമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

കൊച്ചിയിലും തിരുവനന്തപുരത്തും ബിപിസിഎൽ തുടങ്ങാനുദ്ദേശിക്കുന്ന ഹൈഡ്രജൻ റിഫ്യുവൽ സ്റ്റേഷനുകൾ (എച്ച്ആർഎസ്) വഴി വിമാനങ്ങൾക്കുള്ള ഇന്ധനം ലഭ്യമാക്കും. ബിപിസിഎല്ലിന്റെ നേതൃത്വത്തിൽ പ്രാദേശികമായി ഹൈഡ്രജൻ ഫ്യുവൽ സെല്ലുകളുടെ വികസനത്തിന് ആവശ്യമായ ഗവേഷണവും നടത്തും. ചടങ്ങിൽ സിയാൽ ഡയറക്ടർ മനു ജി, സംസ്ഥാന ഊർജ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, കേന്ദ്ര പുനരുപയോഗ ഊർജ വകുപ്പ് മുൻ സെക്രട്ടറി ബുപീന്ദർ സിങ് ഭല്ല, സിജിഎം ഡോ. ഭരത് എൽ. നെവാൽക്കർ തുടങ്ങിയവർ പങ്കെടുത്തു.

# കേന്ദ്രീകൃത വിദ്യാഭ്യാസ വകുപ്പ് അടച്ചുപൂട്ടാൻ ട്രംപ്



**വാഷിങ്ടൻ:** കേന്ദ്രീകൃത വിദ്യാഭ്യാസ വകുപ്പ് അടച്ചുപൂട്ടാനുള്ള എക്സിക്യൂട്ടീവ് ഉത്തരവിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഒപ്പുവയ്ക്കുമെന്നു റിപ്പോർട്ട്. വിദ്യാഭ്യാസ വകുപ്പ് പൊളിച്ചുമാറ്റുമെന്നുള്ള തിരഞ്ഞെടുപ്പ് പ്രചാരണവേളയിലെ ട്രംപിന്റെ പ്രഖ്യാപനത്തിന്റെ ഭാഗമായാകും നടപടിയെന്നാണ് വൈറ്റ് ഹൗസ് വൃത്തങ്ങളെ ഉദ്ധരിച്ച് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ഇതിന്റെ ആദ്യ നടപടിയെന്ന രീതിയിൽ കഴി!ഞ്ഞ ആഴ്ച വിദ്യാഭ്യാസ വകുപ്പിലെ പകുതിയോളം ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു. ട്രംപിന്റെ ഉത്തരവിനു മുന്നോടിയായി അതിനെ ചോദ്യം ചെയ്ത് ഒരുപറ്റം ഡെമ്രോക്കാറ്റിക് സ്റ്റേറ്റ് അറ്റോർണി ജനറൽമാർ രംഗത്തെത്തി. കേന്ദ്രീകൃത വിദ്യാഭ്യാസ വകുപ്പ് പിരിച്ചു വിടുന്നതിൽനിന്ന് ട്രംപിനെ തടയണമെന്ന് ആവശ്യപ്പെട്ട് ഇവർ കേസ് ഫയൽ ചെയ്തു. വിദ്യാഭ്യാസമേഖലയിൽ സംസ്ഥാനങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകി വികേന്ദ്രീകരണം നടത്തുന്നതിന്റെ ഭാഗമാണ് നീക്കമെന്നാണ് ട്രംപിന്റെ വിശദീകരണം.

ട്രംപും അദ്ദേഹത്തിന്റെ ഉപദേശകൻ ഇലോൺ മസ്കും ചേർന്ന് വിവിധ സർക്കാർ പരിപാടികളും യുഎസ് ഏജൻസി ഫോർ ഇന്റർനാഷനൽ ഡവലപ്മെന്റ് ഉൾപ്പെടെയുള്ള വകുപ്പുകൾ യുഎസ് കോൺഗ്രസിന്റെ അനുമതിയോടെ നിർത്തലാക്കാൻ ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ ഒരു കാബിനറ്റ് തലത്തിലുള്ള ഏജൻസി നിർത്തലാക്കാനുള്ള ട്രംപിന്റെ ആദ്യ തീരുമാനമായിരിക്കും വിദ്യാഭ്യാസ വകുപ്പ് അടച്ചുപൂട്ടുന്നതിലൂടെ സംഭവിക്കുക.

എന്നാൽ യുഎസ് കോൺഗ്രസിലെ നിയമനിർമാണത്തിലൂടെ മാത്രമേ ട്രംപിന് വിദ്യാഭ്യാസ വകുപ്പ് അടച്ചുപൂട്ടുന്ന നടപടികളുമായി മുന്നോട്ടു പോകാനാകൂ. യുഎസ് സെനറ്റിൽ 53,47 ഭൂരിപക്ഷമാണ് ട്രംപിന്റെ റിപബ്ലിക്കൻ പാർട്ടിക്കുള്ളത്. എന്നാൽ കാബിനറ്റ് തലത്തിലുള്ള ഏജൻസിയെ നിർത്തലാക്കുന്നതു പോലുള്ള പ്രധാന നിയമനിർമാണങ്ങൾക്ക് 60 വോട്ടുകൾ വേണം. അതായത് ട്രംപിന്റെ നീക്കം നടപ്പിലാകണമെങ്കിൽ ഏഴു ഡെമോക്രാറ്റുകളെങ്കിലും പിന്തുണയ്ക്കണം.

# കണ്ണൂർ വിമാനത്താവളം: ഭൂമി ഏറ്റെടുക്കലിന് പ്രത്യേക പാക്കേജ്




**കണ്ണൂർ:** വിമാനത്താവളം റൺവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി പ്രത്യേക പാക്കേജ് പരിഗണനയിലാണെന്നും ജപ്തി നടപടികൾ നിർത്തിവയ്ക്കുമെന്നും റവന്യു മന്ത്രി കെ.രാജൻ. ഇതു സംബന്ധിച്ച് സജീവ് ജോസഫ് എംഎൽഎയുടെ ചോദ്യത്തിനു നിയമസഭയിൽ മറുപടി പറയുകയായിരുന്നു മന്ത്രി.

റൺവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ എട്ടു വർഷത്തോളമായി നീണ്ടുപോവുകയാണെന്നും 200 കുടുംബങ്ങൾ ദുരിതത്തിലാണെന്നും എംഎൽഎ പറഞ്ഞു. 2018ലെ കനത്ത പേമാരി മൂലം ഏഴു വീടുകൾ പൂർണമായി നശിച്ചു. അതുപോലെ നിരവധി വീടുകൾക്ക് നാശമുണ്ടായി. 6 മാസം വാടക നൽകിയിരുന്നെങ്കിലും പിന്നീട് യാതൊരു ആനുകൂല്യവും നൽകിയില്ല.

പലരും ജപ്തി നടപടികൾ നേരിടുകയാണ്. ഇത് മൂലം ദുരിതത്തിലായവരുടെ ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്നും എംഎൽഎ ആവശ്യപ്പെട്ടു. ഭൂവുടമകൾക്കുകൂടി സ്വീകാര്യമായ നഷ്ടപരിഹാര, പുനരധിവാസ പാക്കേജ് ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നും സജീവ് ജോസഫ് പറഞ്ഞു



# കേരളം വ്യവസായ സൗഹൃദമല്ല: കുപ്പിവെള്ള നിർമ്മാതാക്കൾ


കുപ്പിവെള്ള നിർമ്മാതാക്കളുടെ സംഘടനകളായ കേരള പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ മാനുഫാക്ച്വേഴ്സ് അസ്സോസിയേഷനും (കെ.പി.ഡി.എ), കേരള ബോട്ടിൽഡ് വാട്ടർ മാനുഫാക്ച്വേഴ്സ് അസ്സോസിയേഷനും (കെ.ബി.ഡബ്ല്യു.എ) കൊച്ചിയിൽ നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ കെ.പി.ഡി.എ പ്രസിഡന്റ് അഡ്വ.രാജീവ് മേനോൻ സംസാരിക്കുന്നു. വിബിൻ പരമേശ്വരൻ, ജേക്കബ് ടി.അബ്രാഹം, എം.ഇ.മുഹമ്മദ്, സോമൻ പിള്ള, ഡേവിസ് എന്നിവർ സമീപം

**കൊച്ചി:** കേരളം വ്യവസായ സൗഹൃദ സംസ്ഥാനമെന്ന സർക്കാരിന്റെ അവകാശവാദത്തെ പൂർണ്ണമായും തള്ളി കുപ്പിവെള്ള നിർമ്മാതാക്കളുടെ സംഘടനകൾ രംഗത്ത്. കഴിഞ്ഞ 25 വർഷക്കാലയളവിൽ ഇടത് വലത് വ്യത്യാസമില്ലാതെ മാറി മാറി വരുന്ന സർക്കാരുകൾ കുത്തകകളെ സഹായിക്കുന്ന സമീപനമാണ് സ്വീകരിച്ചു പോരുന്നത്. സർക്കാരുകളുടെ പിടിപ്പുകേടും ഉദ്യോഗസ്ഥ ദുഷ്പ്രവണതയും ട്രേഡ് യൂണിയനുകളുടെ നോക്കുകൂലിയും കുപ്പിവെള്ള വ്യവസായത്തെ തകർക്കുന്നുവെന്ന് കുപ്പിവെള്ള നിർമ്മാതാക്കളുടെ സംഘടനകളായ കേരള പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ മാനുഫാക്ച്വേഴ്സ് അസ്സോസിയേഷനും (കെ.പി.ഡി.എ), കേരള ബോട്ടിൽഡ് വാട്ടർ മാനുഫാക്ച്വേഴ്സ് അസ്സോസിയേഷനും (കെ.ബി.ഡബ്ല്യു.എ) കൊച്ചിയിൽ നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ കുറ്റപ്പെടുത്തി. മറ്റ് സംസ്ഥാനങ്ങൾ നിക്ഷേപകരെ ആകർഷിക്കാൻ മത്സരിക്കുമ്പോൾ ഒന്നിന് പിറകെ മറ്റൊന്ന് എന്ന വിധത്തിൽ വിവിധ വകുപ്പുകളുടെ ലൈസൻസുകൾ തരപ്പെടുത്താൻ നെട്ടോട്ടം ഓടേണ്ട സ്ഥിതിയാണ് സംസ്ഥനത്തെ നിക്ഷേപകർ.

300 മില്ലി ലിറ്ററിന്റെ കുപ്പിവെള്ളത്തെ ഇപ്പോൾ സംസ്ഥാനത്ത് നിരോധിച്ചിരിക്കുകയാണ്. കുപ്പിവെള്ള വ്യവസായത്തിന്റെ 20 ശതമാനത്തോളം വരും 300 മില്ലിയുടെ വിൽപ്പന. 50ൽ പരം ഗുണനിലവാര പരിശോധനകൾക്ക് ശേഷമാണ് കുപ്പിവെള്ളം വിപണിയിൽ ഇറക്കുന്നത്. പ്ലാസ്റ്റിക്ക് കുപ്പികളുടെ റീസൈക്കിളിംഗ് സംസ്ഥാനത്ത് ആവശ്യത്തിന് സൗകര്യമില്ലെന്ന വിചിത്ര ന്യായമാണ് നിരോധനത്തിന് സർക്കാർ പറയുന്നത്. അയൽ സംസ്ഥാനങ്ങളിൽ 300 മില്ലിലിറ്ററിന് നിരോധനമില്ല. ആഗോള കുത്തകകളുടെ 300 മില്ലിയുടെ ശീതള പാനീയങ്ങൾ, കോളകൾ, ഹെർബൽ വാട്ടർ തുടങ്ങിയവ കേരളത്തിൽ യഥേഷ്ടം വിറ്റഴിക്കുന്നു. ആഗോള ബ്രാന്റുകളുടെ വെള്ളത്തെയും, കുത്തക കോളക്കമ്പനികളെയും, ഇൻഡ്യൻ നിർമ്മിത വിദേശമദ്യ നിർമ്മാതാക്കളെയും സഹായിക്കുന്നതിനാണ് കേരളത്തിലെ നിർമ്മാതാക്കൾക്ക് സർക്കാർ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നതെന്ന് സംശയിക്കുന്നതായി ഭാരവാഹികൾ പറഞ്ഞു.

പ്ലാസ്റ്റിക്കിന്റെ റീ സൈക്കിളിംഗ് യൂണിറ്റുകൾ തുടങ്ങാനായി വിവിധ സംഘടനകളും സംരംഭകരും മുന്നോട്ട് വന്നെങ്കിലും മുഖ്യമന്ത്രിയുടെ കീഴിൽ വരുന്ന പരിസ്ഥിതി വകുപ്പിന്റെ കെടുകാര്യസ്ഥതയാണ് ആവശ്യത്തിന് റീ സൈക്ലീംഗ് യൂണിറ്റുകൾ തുടങ്ങാൻ സാധിക്കാത്തത്. ഡസൻ കണക്കിന് റീസൈക്ലീംഗ് യൂണിറ്റുകൾ കോയമ്പത്തൂരിൽ മാത്രമുണ്ട്. മീൻ വല നെയ്യുന്നതിനും, വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനുമാണ് ഒറിജിനൽ പ്ലാസ്റ്റിക്ക് ഗ്രാന്യൂൾസ് കൊണ്ട് നിർമ്മിച്ച കുടിവെള്ളത്തിന്റെ കുപ്പികൾ ഉപയോഗിക്കുന്നത്. ആക്രി പ്ലാസ്റ്റിക്കിന് കിലോയ്ക്ക് 38 രൂപ മുതൽ 40 രൂപവരെ വിലയുണ്ട്. 300 മില്ലിയുടെ കുപ്പിയിലെ വെള്ളത്തിന്റെ മുഖ്യ ആവശ്യക്കാർ കാറ്ററിംഗ് യൂണിറ്റുകളും, ഇവന്റ് മാനേജ്മെന്റ് കമ്പനിക്കാരുമാണ്. ഉപയോഗ ശൂന്യമായ കുപ്പികൾ അപ്പോൾ തന്നെ ആക്രിക്ക് നൽകുന്നതിനുള്ള സുശക്തമായ സംവിധാനം സംസ്ഥാനമൊട്ടുക്ക് ഇവന്റുകാരുടെയും, കാറ്ററിംഗ്കാരുടെയും സംഘടനകൾ തന്നെ ഒരുക്കിയിട്ടുണ്ട്. പ്ലാസ്റ്റിക്ക് കുപ്പികൾക്ക് പകരം ചില്ലുകുപ്പികൾ ഉപോയിക്കണമെന്ന ഒട്ടും പ്രാവർത്തികമല്ലാത്തതും, റീ സൈക്ലിംഗിന് സംസ്ഥാനത്ത് ഒട്ടും സൗകര്യം ഇല്ലാത്തതുമാണ് ചില്ലുകുപ്പികൾ. പ്ലാസ്റ്റിക് കുപ്പികൾക്ക് നിരോധനം ഉണ്ടെന്ന പത്രവാർത്തയെത്തുടർന്ന് ഓടിറ്റോറിയങ്ങളിൽ പഞ്ചായത്ത് അധികാരികൾ പരിശോധന വരെ നടത്തിത്തുടങ്ങി.

അവശ്യ വസ്തുവായ കുടിവെള്ളത്തിന് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കേവലം മൂന്ന് മാസം മാത്രമാണ് വിപണിയുള്ളത്. വിപണി ലഭ്യതക്കുറുകൊണ്ടുതന്നെ പ്രതിസന്ധിയിലാകുന്ന കുപ്പിവെള്ള നിർമ്മാണത്തെ വ്യവസായ വകുപ്പിന് കീഴിലും അല്ലാത്തതുമായ വിവിധ വകുപ്പുകൾ നിരന്തരം പീഢിപ്പിക്കുകയും പിഴ ഈടാക്കാനുള്ള സ്ഥിരം സംവിധാനം ആക്കിയും മാറ്റിയിരിക്കുന്നു. ആദ്യ കടമ്പ പഞ്ചായത്ത് ലൈസൻസ്, പിന്നീട് ഗ്രൗണ്ട് വാട്ടർ ലൈസൻസ് എടുക്കുന്നതിനും, പുതുക്കുന്നതിനും ആ പഞ്ചായത്തിൽ ആർക്കും പരാതിയില്ല എന്ന നിരാക്ഷേപ പത്രം സമർപ്പിക്കണം. ബഹുരാഷ്ട്ര കുത്തകകൾക്കും സർക്കാരിന് താൽപര്യമുള്ള വ്യവസായത്തിനും ഇതൊന്നും ബാധകമല്ല. കോവിഡ് കാലത്ത് അടച്ചിട്ട പ്ലാന്റുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ ശ്രമിക്കുമ്പോൾ ഫുഡ് സേഫ്റ്റി ഓഡിറ്റ് സമയത്ത് നടത്തിയില്ലെന്ന കാരണം നിരത്തി വൻ തുക പിഴ ഈടാക്കുന്നു. ഫുഡ് സേഫ്റ്റി വകുപ്പ് കുപ്പിവെള്ളത്തിൽ കാൽസ്യം, മഗ്നീഷ്യം എന്നീ മിനറൽസ് നിർബന്ധമായും അവർ പറയുന്ന അളവിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പരിചിതമല്ലാത്ത രുചി അനുഭവപ്പെടുന്ന ഉപഭോക്താക്കൾ കുപ്പിവെള്ളത്തെ ഉപേക്ഷിച്ച് മറ്റ് മാർഗങ്ങൾ തേടുന്നതും ഇപ്പോൾ സർവ്വസാധാരണമാണ്. തൊഴിലാളികളുടെ നോക്കുകൂലി ചെറുതല്ലാത്ത തലവേദന സൃഷ്ടിക്കുന്നു. വൈദ്യുതി നിരക്ക് വർദ്ധനവ്, ലേബർ ലൈസൻസ്, ക്ഷേമനിധി, ഹെൽത്ത്കാർഡ് എന്നിവയ്ക്ക് പുറമെ നിക്ഷേപകരിൽ നിന്നും സംരംഭകരിൽ നിന്നും പിഴ ഈടാക്കാൻ പുതിയ വഴികൾ കണ്ടെത്താൻവരെ സർക്കാർ കമ്മീഷനെ വച്ചിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പിഴ ഈടാക്കൽ സൗഹൃദ സംസസ്ഥാനമായി കേരളം മാറിയെന്നും ഭാരവാഹികൾ ആരോപിച്ചു.

സർക്കാരിന്റെ പിടിപ്പുകേടും കെടുകാര്യസ്ഥതയും മറയ്ക്കാനാണ് സംസ്ഥാനം വ്യവസായ നിക്ഷേപ സൗഹൃദമെന്ന് സോഷ്യൽ മീഡിയയിലൂടെ വൻ ക്യാമ്പയിനുകൾ നടത്തുന്നത്. മുതൽ മുടക്കിയവർക്ക് തങ്ങളുടെ വ്യവസായം നിലനിറുത്താൻ പറ്റാത്ത സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. തുറന്ന് പറയുന്നവരെ ഒറ്റപ്പെടുത്തി സൈബർ ആക്രമണവും, ഉദ്യോഗസ്ഥ പീഢനവും നടത്തുകയാണെന്നും കൊച്ചിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ ഇരു സംഘടനകളുടെയും ഭാരവാഹികൾ പറഞ്ഞു. മുഖ്യമന്ത്രി അടിയന്തരമായി ഇടപെട്ട് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മാത്രം ഏർപ്പെടുത്തിയിരിക്കുന്ന വിലക്ക് നീക്കിയില്ലെങ്കിൽ കേരളത്തിലെ മുഴുവൻ കുപ്പിവെള്ള പ്ലാന്റുകളും അടച്ചിടേണ്ടി വരുമെന്നും ഭാരവാഹികൾ പറഞ്ഞു.വാർത്താ സമ്മേളനത്തിൽ അഡ്വ.രാജീവ് മേനോൻ, എം.ഇ.മുഹമ്മദ്, ജേക്കബ് ടി.അബ്രാഹം, സോമൻ പിള്ള, ഡേവിസ്, വിബിൻ പരമേശ്വരൻ തുടങ്ങിയവർ പങ്കെടുത്തു.




## ഡെങ്കിപ്പനി:കൈകോർത്ത് അമൃതയും പുലരിയും

**കൊച്ചി:** ഡെങ്കിപ്പനിയ്ക്ക് എതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ കൈകോർത്ത് കൊച്ചി അമൃത ആശുപത്രിയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവും തൃക്കാക്കര പുലരി റെസിഡന്റ്സ് അസോസിയേഷനും. സാമൂഹിക ആരോഗ്യ സംരക്ഷണത്തിനായി സമൂഹത്തിന്റെ ഇടപെടൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഉദ്ഘാടനം അമൃത വിശ്വ വിദ്യാപീഠം റിസർച്ച് ഡീൻ ഡോ. ഡി.എം. വാസുദേവൻ നിർവഹിച്ചു.

അമൃത ആശുപത്രിയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം എമിററ്റസ് പ്രൊഫസർ ഡോ. കെ.എൻ. പണിക്കർ പദ്ധതി പരിചയപ്പെടുത്തി. അമൃത ആശുപത്രി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. അശ്വതി. എസ്., തൃക്കാക്കര പുലരി റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധി മജീദ് തുടങ്ങിയവർ പ്രസംഗിച്ചു.ക്യാമ്പെയിന്റെ ഭാഗമായി ഡെങ്കിപ്പനി വൈറസ് വ്യാപനത്തിൽ ഈഡിസ് കൊതുകുകളുടെ പങ്ക്, രോഗലക്ഷണങ്ങൾ, പ്രതിരോധ നടപടികൾ എന്നിവയെക്കുറിച്ചുള്ള ക്ലാസുകൾ ഡോ. കെ.എൻ. പണിക്കർ, ഡോ. നവമി എസ്, ഡോ. വിഷ്ണു ബി മേനോൻ തുടങ്ങിയവർ നയിച്ചു.

## എം.ജി.എം ഗുരുരത്നം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**കൊച്ചി:** വിദ്യാഭ്യാസരംഗത്തെ സമഗ്ര സംഭാവനയ്ക്ക് എംജിഎം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസ് ഏർപ്പെടുത്തിയ രണ്ടാമത് ഗുരുരത്നം പുരസ്കാരത്തിന് ഡോ.ജോർജ് തോമസ്, ഡോ.ജേക്കബ് മണ്ണുംമൂട് എന്നിവർ അർഹരായി. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവുമാണ് അവാർഡ്. തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യൂക്കേഷൻ ആൻഡ് റിസർച്ചിൽ സീനിയർ പ്രൊഫസറും ഫാക്കൽറ്റി അഫയേഴ്സ് ഡീനുമായ ഡോ. ജോർജ് തോമസ്, പത്തനംതിട്ട വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലാണ്. സി അന്തപ്പായിയുടെ കൃതികൾ ഒരു പഠനം എന്ന വിഷയത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് മലയാളസാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ വ്യക്തിയാണ് ഡോ.ജേക്കബ് മണ്ണുംമൂട്. ഡോ.സിറിയക് തോമസ്, ഡോ.ഗീവർഗീസ് യോഹന്നാൻ, ഡോ.കുഞ്ചെറിയ പി ഐസക്, ടി.പി ശ്രീനിവാസൻ, ഗോപിനാഥ് മഠത്തിൽ എന്നിവരടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്തത്. കണ്ടനാട് എംജിഎം പബ്ലിക് സ്കൂളിൽ 22ന് രാവിലെ 10 മണിക്ക് നടക്കുന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും. സ്പീക്കർ എ.എൻ ഷംസീർ, ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ.എസ് സോമനാഥ്, അനൂപ് ജേക്കബ് എംഎൽഎ, എംജിഎം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസ് ചെയർമാൻ ഡോ.ഗീവർഗീസ് യോഹന്നാൻ, എംജി സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസ് തുടങ്ങിയവർ പങ്കെടുക്കും. എംജിഎം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസ് സിഇഎസ് ഗോപിനാഥ് മഠത്തിൽ, ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ആൽഫ മേരി, കണ്ടനാട് എംജിഎം പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ ഉമ വി എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു. കേരളത്തിലുടനീളം 11 പ്രൊഫഷണൽ കോളജുകളും 14 സ്കൂളുകളുമായി ഗീവർഗീസ് യോഹന്നാൻ ചാരിറ്റബിൾ ട്രസ്റ്റിന് കീഴിലാണ് എംജിഎം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസ് പ്രവർത്തിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു

**കൊച്ചി:** പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ലാപ്ടോപ് വിതരണം ചെയ്തു. കൊച്ചി നഗരസഭയുടെ 2024 25 വാർഷിക പദ്ധതിയിൽ , അർഹരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്നതിന് തുക വകയിരുത്തിയിരുന്നു . 80 ലക്ഷം രൂപ അടങ്കൽ തുക വകയിരുത്തിയ പദ്ധതിയിലൂടെ 199 വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തത്. കൊച്ചി നഗരസഭ കൗൺസിൽ ഹാളിൽ നടന്ന ചടങ്ങിൽ മേയർ അഡ്വ.എം അനിൽകുമാർ വിതരണം ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി മേയർ കെ. എ അൻസിയ അദ്ധ്യക്ഷത വഹിച്ചു. വികസനകാര്യ സ്ഥിരം സമിതി ചെയർമാൻ സി.എ ഷക്കീർ,

പൊതുമരാമത്ത് സ്ഥിരം സമിതി ചെയർമാൻ വി. കെ മിനിമോൾ, നഗരാസൂത്രണ സ്ഥിരം സമിതി ചെയർമാൻ . ടി. ജെ സനിൽമോൻ, കൗൺസിലർമാരായ പി. ആർ റെനീഷ് , ഷീബാ ലാൽ , ഹെൻട്രി ഓസ്റ്റിൻ , ഇസ്മുദ്ധീൻ , ലൈലാ ദാസ് , പത്മകുമാരി തുടങ്ങിയവർ പങ്കെടുത്തു.



# ദേശീയ വനിതാ ഹോക്കി ലീഗ്: അവസാന ഘട്ടം റാഞ്ചിയിൽ

**കൊച്ചി:** കൊക്കകോള ഇന്ത്യയുടെയും ഫൗണ്ടേഷൻ ആനന്ദനയുടെയും പിന്തുണയോടെ ഹോക്കി ഇന്ത്യ, 202425 ലെ ദേശീയ വനിതാ ഹോക്കി ലീഗിന്റെ അവസാന ഘട്ടം 2025 മാർച്ച് 18 മുതൽ മാർച്ച് 28 വരെ ജാർഖണ്ഡിലെ റാഞ്ചിയിൽ നടക്കും. 2024 ഏപ്രിൽമെയ് മാസങ്ങളിലെ വിജയകരമായ ആദ്യ ഘട്ടത്തിന് ശേഷം, ഇന്ത്യയിലെ മികച്ച വനിതാ ഹോക്കി പ്രതിഭകൾക്ക് ഉയർന്ന തലത്തിൽ മത്സരിക്കാനുള്ള വേദിയാണ് ഹോക്കി ലീഗ് നൽകുന്നത.2024 ലെ ഹോക്കി ഇന്ത്യ സീനിയർ വനിതാ ദേശീയ ചാമ്പ്യൻഷിപ്പിലെ മികച്ച എട്ട് ടീമുകൾ ഇതിൽ ഉൾപ്പെടുന്നു. ഹോക്കി ഹരിയാന, ഹോക്കി മഹാരാഷ്ട്ര, ഹോക്കി ജാർഖണ്ഡ്, ഹോക്കി മധ്യപ്രദേശ്, ഹോക്കി ബംഗാൾ, ഹോക്കി മിസോറം, മണിപ്പൂർ ഹോക്കി, ഹോക്കി അസോസിയേഷൻ ഓഫ് ഒഡീഷ എന്നിവ പങ്കെടുക്കുന്ന ടീമുകളാണ്.

# 16 വർഷം മുമ്പ് മെറ്റൽ വിരിച്ച റോഡ് ടാർ ചെയ്തില്ല റിപ്പോർട്ട് തേടി മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** 16 വർഷം മുമ്പ് കുന്നത്തുനാട് പഞ്ചായത്ത് മെറ്റൽ വിരിച്ച റോഡിൽ ടാറിംഗ് നടത്താത്തത് സംബന്ധിച്ച് അന്വേഷണം നടത്തി കുന്നത്തുനാട് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്. നാലാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണം.പെരിങ്ങാലപുത്തൻകുരിശ് പൊതുമരാമത്ത് റോഡിൽ നിന്നും തൊണ്ണംകുഴിത്താഴം തോടിൽ അവസാനിക്കുന്ന റോഡിന്റെ നിർമ്മാണം 33 വർഷം മുമ്പാണ് നടന്നത്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡാണിത്. റോഡ് കേസിലാണെന്ന കാരണം പറഞ്ഞാണ് പഞ്ചായത്ത് ടാറിംഗിന് തയ്യാറാകാതിരുന്നത്. എന്നാൽ റോഡുമായി ബന്ധപ്പെട്ട് യാതൊരു കേസും നിലവിലില്ലെന്ന് നാട്ടുകാർ സമർപ്പിച്ച പരാതിയിൽ പറയുന്നു.പട്ടികജാതി വിഭാഗങ്ങൾക്കായി പഞ്ചായത്ത് നിർമ്മിച്ച വീടുകളിലേക്കുള്ള റോഡാണിത്. കനത്ത മഴയിൽ മെറ്റലും മണ്ണും ഒലിച്ചുപോയി. സൈക്കിളിൽ മീൻ വിൽപ്പന നടത്തിയിരുന്ന ഒരാൾ ഇവിടെ അപകടത്തിൽ മരിച്ചിട്ടുണ്ട്. റോഡിന് കേസില്ലെന്ന വിവരം ഗ്രാമസഭയിൽ ഉന്നയിച്ചപ്പോൾ ഫണ്ടില്ലെന്ന മറുപടിയാണ് പഞ്ചായത്ത് നൽകിയതെന്ന് ടി കെ. സുധീർ ഉൾപ്പെടെ 20 പേർ ഒപ്പിട്ട പരാതിയിൽ പറയുന്നു.

# വയോജന സംരക്ഷണത്തിനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി മലങ്കര ഓർത്തഡോക്സ് സഭാ ബജറ്റ്

**കോട്ടയം:** യുവതലമുറയുടെ കുടിയേറ്റം മൂലം ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങളുടെ സമഗ്ര സംരക്ഷണത്തിന് 'അരികെ' പദ്ധതിയും, സമർഥരായ വിദ്യാർത്ഥികളെ ചെറുപ്പത്തിൽ കണ്ടെത്തി അവർക്ക് ഇന്ത്യയിലുള്ള മികച്ച തൊഴിൽ അവസരങ്ങൾ നേടാൻ പരിശീലനം നൽകുന്ന വിദ്യാജ്യോതി പദ്ധതിയും അവതരിപ്പിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 20252026 വർത്തെ സാമ്പത്തിക ബജറ്റ്. ആരോഗ്യ ജീവിതശൈലിയും ലഹരി വിരുദ്ധതയും പ്രോത്സാഹിപ്പിക്കുന്ന കോട്ടയം കാരാപ്പുഴ വെൽനസ് പാർക്ക് , കൊല്ലം മതിലകത്ത് ക്യാമ്പ് സെന്റർ എന്നിവ ആരംഭിക്കും.

സർക്കാരിന്റെ പുതിയ നയങ്ങളുടെ പശ്ചാത്തലത്തിൽ സ്വകാര്യ സർവകലാശാല ആരംഭിക്കുന്നതിനെക്കുറിച്ച് സഭ ഗൗരവമായി ആലോചിക്കുന്നു. എം.ഒ.സി കോളജുകളുമായി സഹകരിച്ച് ഇതിനുള്ള സാധ്യതാ പഠനം നടത്തും. സഭയ്ക്കൊപ്പം സമൂഹത്തെയും കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ ആയിരത്തി നാനൂറ്റി എൺപത്തി നാല് കോടിയുടെ ബജറ്റ് മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ സഭാ മാനേജിങ് കമ്മിറ്റിയിൽ അവതരിപ്പിച്ചു.

യോഗത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിച്ചു. മലങ്കര സഭയുടെ സമാധാന അന്തരീക്ഷത്തെ തകർക്കുന്ന ഒരു നീക്കത്തെയും അംഗീകരിക്കില്ലെന്ന് കാതോലിക്കാബാവാ പറഞ്ഞു. ഇപ്പോൾ നടക്കുന്നത് രാജ്യത്തിന്റെ നിയമത്തെ ലംഘിക്കാനുള്ള ശ്രമങ്ങളാണ്. ഭാരതത്തിന്റെ നിയമം അനുസരിക്കാനുള്ള ഉത്തരവാദിത്വം ഓരോ പൗരനുമുണ്ടെന്നും പരിശുദ്ധ കാതോലിക്കാബാവാ കൂട്ടിച്ചേർത്തു.

കൊടുങ്ങല്ലൂർ മാർത്തോമൻ സ്മൃതി മന്ദിരം, തിരുവനന്തപുരം കാരുണ്യഗൈഡൻസ് സെന്ററിനോട് ചേർന്ന് മാനസിക സാമൂഹിക പുനരധിവാസ കേന്ദ്രം തുടങ്ങിയവയ്ക്കും ബഡ്ജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ട്. സഭയുടെ നേതൃത്യത്തിൽ നടത്തുന്ന കാരുണ്യ പദ്ധതികളായ വിവാഹ ധനസഹായം ഭവന നിർമ്മാണം, വിധവാ പെൻഷൻ സഭാംഗങ്ങളായ സാമ്പത്തികശേഷി കുറഞ്ഞ വിദ്യാർത്ഥികൾക്കുള്ള ഉപരിപഠന സഹായം വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം , സഹോദരൻ പദ്ധതി, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവയും ബഡ്ജറ്റിൽ ഉൾപ്പെടുന്നു. പുന്നത്ര മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ചരമ ദ്വിശാബ്ദി സമ്മേളനം . ചേപ്പാട് തിരുമേനിയുടെ മലങ്കര മെത്രാപോലിത്താ സ്ഥാനാരോഹണ ദ്വിശാബ്ദി സമ്മേളനം , പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ചരമവജ്ര ജൂബിലി , പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായുടെ ചരമ സുവർണ്ണ ജൂബിലി ,സഭാകവി സി.പി.ചാണ്ടി സ്മൃതിസംഗമം, മുളന്തുരുത്തി സുന്നഹദോസ് ശതോത്തര സുവർണ ജൂബിലി എന്നിവ ഈ വർഷം സംഘടിപ്പിക്കും.

ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി മുൻ പ്രിൻസിപ്പൽ ഡോ. റെജി മാത്യു ധ്യാന പ്രസംഗം നടത്തി, വൈദീക ട്രസ്റ്റി ഫാ തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ സഭയിലെ മെത്രാപ്പോലീത്താമാരും മാനേജിംഗ് കമ്മറ്റി അംഗങ്ങളും സംബന്ധിച്ചു.

# ആലുവയിലെ നിർദ്ദിഷ്ട 190 എംഎൽഡി പ്ലാന്റ് എഡിബിയിൽ ഉൾപ്പെടുത്തുവാൻ സാധ്യത പരിശോധിക്കും

**തിരുവനന്തപുരം:** അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന കൊച്ചി കോർപ്പറേഷനും സമീപപ്രദേശങ്ങളിലെ 5 മുനിസിപ്പാലിറ്റികളും സമീപ പഞ്ചായത്തുകളും ഉൾപ്പെടുന്ന വിശാല കൊച്ചിമേഖല അതീവ ഗുരുതര കുടിവെള്ളക്ഷാമമാണ് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ഈ പ്രദേശങ്ങളിലെ ഗാർഹിക വാണിജ്യാവശ്യങ്ങൾക്കും ജൽജീവൻ മിഷനിലൂടെ നടപ്പാക്കുന്ന പദ്ധതികൾക്കും കുടിവെള്ള സ്രോതസ് ഉറപ്പാക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതാണ്. ആലുവ ജലശുദ്ധീകരണശാലയിൽ നിന്നും ഉൽപാദിപ്പിക്കുന്ന 225 ദശലക്ഷം ലിറ്റർ വെള്ളത്തിന്റെ 121.5 ദശലക്ഷം ലിറ്റർ വെള്ളവും, മരട് ശുദ്ധീകരണശാലയിൽ ഉൽപാദിപ്പിക്കുന്ന 100 ദശലക്ഷം ലിറ്റർ വെള്ളത്തിന്റെ 53.5 ദശലക്ഷം ലിറ്റർ വെള്ളവുമുൾപ്പെടെ 175 ദശലക്ഷം ലിറ്റർ വെള്ളമാണ് കൊച്ചിൻ കോർപ്പറേഷനിലാകെ ലഭ്യമാകുന്നത്. ഇതിൽ വിതരണനഷ്ടം 35 ശതമാനം ഉണ്ടാകുമെന്നാണ് വാട്ടർ അതോറിറ്റി പറയുന്നത്. കൊച്ചി കോർപ്പറേഷനിൽ ആകെയുള്ള ജലവിതരണ കണക്ഷനുകളുടെ എണ്ണം 1,40,000 ആണ്. ഗാർഹികേതര കണക്ഷനുകൾ28000, വ്യാവസായിക കണക്ഷനുകൾ251, സ്പെഷ്യൽ കണക്ഷനുകൾ2, പൊതുടാപ്പുകൾ5445 എന്നിങ്ങനെയാണ് അവയുടെ കണക്ക്. കൂടാതെ കൊച്ചിൻ പോർട്ട്, നേവൽ ബേസ്, കൊച്ചിൻ ഷിപ്പ്യാർഡ്, റെയിൽവേ സ്റ്റേഷനുകൾ, പത്തോളം ആശുപത്രികൾ, കോളേജുകൾ, വൻകിട ഹോട്ടലുകൾ എന്നിവയുൾപ്പെടെ ബൾക്ക് കൺസ്യൂമേഴ്സുമുണ്ടെന്നു ടി.ജെ വിനോദ് എം.എൽ.എ പറഞ്ഞു.ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം കൊച്ചി നഗരം ക്ലാസ് 2ൽ ഉൾപ്പെടുന്നു. സെൻട്രൽ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിങ് ഓർഗനൈസേഷന്റെ മാനദണ്ഡപ്രകാരം സാധാരണഗതിയിൽ ഒരു ദിവസം ഒരു വ്യക്തിക്ക് 150 ലിറ്റർ വെള്ളം ലഭ്യമാക്കേണ്ടതാണ്. ഇതുപ്രകാരം കൊച്ചിയിൽ പ്രതിദിനം 45 ദശലക്ഷം ലിറ്റർ വെള്ളത്തിന്റെ കുറവുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇന്ന് കൊച്ചി നഗരത്തിൽ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ അമൃത് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്. അമൃത് പദ്ധതി ഫേസ് 1ൽ 184 കോടി രൂപയുടെയും ഫേസ്2ൽ 374 കോടി രൂപയുടെയുമുൾപ്പെടെ 558 കോടി രൂപയുടെ പ്രവർത്തനങ്ങൾ നഗരത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ ഭൂരിഭാഗം വർക്കുകളും പൈപ്പ് മാറ്റലും ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കലുമാണ്. ഈ ഭാഗത്ത് അമൃത് പദ്ധതിപ്രകാരം പ്രധാനമായും പൈപ്പ് മാറ്റുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. മറ്റൊരു ഭാഗത്ത് എ.ഡി.ബി. പദ്ധതിയിലൂടെ പൈപ്പ് മാറ്റുന്നതുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികളെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. കൊച്ചിയിൽ പൈപ്പ് മാറ്റിയതുകൊണ്ടുമാത്രം പരിഹരിക്കാൻ സാധിക്കുന്ന പ്രശ്നങ്ങളല്ല ഇന്നുള്ളതെന്നും വെള്ളത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കാത്തതുകാരണം ഗുരുതരമായ കുടിവെള്ള ക്ഷാമമാണ് ഇന്ന് നഗരത്തിൽ നിലവിലുള്ളത് എന്നും ടി ജെ വിനോദ് എം.എൽ.എ ചൂണ്ടിക്കാണിച്ചു. ഒരു പ്രദേശത്ത് കുടിവെള്ളം ലഭിക്കാതെ വരുമ്പോൾ മറ്റ് പ്രദേശങ്ങളിലെ വാൽവ് തിരിച്ച് ആ പ്രദേശത്തേയ്ക്ക് വെള്ളം ഡൈവർട്ട് ചെയ്തുവിടും. അപ്രകാരം ഡൈവർട്ട് ചെയ്ത് വിടുമ്പോൾ നേരത്തേ വെള്ളം ലഭിച്ചുകൊണ്ടിരുന്ന സ്ഥലത്ത് വെള്ളം ലഭിക്കാത്ത സാഹചര്യമാണ് ഇന്ന് നഗരത്തിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതുമൂലം നഗരത്തിലെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. 'കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്റ്റ്' എന്ന പേരിൽ കൊച്ചിയിൽ എ.ഡി.ബി. സഹായത്തോടുകൂടി 798.13 കോടി രൂപയുടെ പദ്ധതിയുടെ ഭാഗമായി പത്ത് വർഷത്തേയ്ക്ക് ജലവിതരണ ശൃംഖല നവീകരിച്ചും കുടിവെള്ളത്തിന്റെ വിതരണത്തിലുണ്ടാകുന്ന നഷ്ടം 20 ശതമാനം കുറച്ചും കുടിവെള്ളം മുടങ്ങാതെ ലഭ്യമാകുമെന്നാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നതെന്നാണ് മനസ്സിലാക്കുന്നത്. പക്ഷേ ഇതുമായി ബന്ധപ്പെട്ട് നിലവിൽ കൊച്ചിയിൽ വെള്ളം എത്തിക്കുന്നതിനുള്ള പ്രോജക്ടും പുതിയ ജലസ്രോതസ്സും ഈ പദ്ധതിയിലില്ല എന്നുള്ള വസ്തുത തിരിച്ചറിയണമെന്ന് ടി ജെ വിനോദ് എം.എൽ.എ പറഞ്ഞു.

ഇത് പരിഹരിക്കാൻ കൊച്ചി കോർപ്പറേഷൻ, അതിനോടൊപ്പം ചേർന്ന അഞ്ച് മുനിസിപ്പാലിറ്റികൾ, പതിമൂന്ന് പഞ്ചായത്തുകൾ എന്നീ പ്രദേശങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ആലുവയിൽ നിലവിലുള്ള ശുദ്ധീകരണശാലക്ക് സമീപം വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലത്തെ 190 എം.എൽ.ഡി. ശുദ്ധീകരണശാലയിൽ പുതിയ ജലവിതരണ സ്രോതസ്സ് ഉണ്ടാക്കുകയെന്നതാണ് പരിഹാരമാർഗ്ഗം. പുതിയ ജല സ്രോതസ്സ് കണ്ടെത്താതെ നിലവിലെ സംവിധാനമുപയോഗിച്ച് ജലം എത്തിക്കാനുള്ള വാട്ടർ അതോറിറ്റിയുടെ തീരുമാനം ഇപ്പോൾ നേരിടുന്ന കുടിവെള്ള ക്ഷാമത്തിനൊരു പരിഹാരം ആകില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആയതിനാൽ കൊച്ചി നഗരത്തിലെ ഈ ഗുരുതരമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്നും കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകണമെന്ന് ടി.ജെ വിനോദ് എം.എൽ.എ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ പറഞ്ഞു.

എഡിബി പദ്ധതിയിൽ പെരിയാറിൽ പുതിയ പമ്പ് ഹൗസ്, പമ്പ് സെറ്റ്, ഉന്നതതല ജലസംഭരണി, ശുദ്ധീകരണശാല ഉൾപ്പെടെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും. പുതിയ ജല ശുദ്ധീകരണശാല നിലവിൽ വരുമ്പോൾ ആലുവ, ഏലൂർ, തൃക്കാക്കര, കളമശ്ശേരി, മരട് മുനിസിപ്പാലിറ്റികൾക്കും, കീഴ്മാട് എടത്തല, ചൂർണിക്കര, ഞാറയ്ക്കൽ, എളംകുന്നപ്പുഴ, മുളവുകാട്, നായരമ്പലം, വരാപ്പുഴ, ചേരാനെല്ലൂർ, കുമ്പളം, ചെല്ലാനം, കുമ്പളങ്ങി, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകൾക്കും കൊച്ചി കോർപ്പറേഷനിലേയ്ക്കും പ്രയോജനപ്പെടുന്നതാണ്.

# മുത്തൂറ്റ് ഫിനാൻസിന് എസ് ആൻറ് പി ഗ്ലോബലിന്റെ ബിബി പ്ലസ് സ്റ്റേബിൾ ഔട്ട്ലുക്ക് റേറ്റിങ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വർണ പണയ എൻബിഎഫ്സിയായ മുത്തൂറ്റ് ഫിനാൻസ്, എസ് ആൻറ് പി ഗ്ലോബൽ നൽകുന്ന റേറ്റിങ് ബിബി പ്ലസ് സ്റ്റേബിൾ ഔട്ട്ലുക്ക് ആയി ഉയർത്തി. കമ്പനിയുടെ ശക്തമായ സാമ്പത്തിക അടിത്തറ, മികച്ച റിസ്ക് മാനേജ്മെന്റ്, നിയന്ത്രണ സംവിധാനങ്ങളിലൂടെ മികച്ച രീതിയിൽ കടന്നു പോകൽ തുടങ്ങിയവയാണ് ഇതു സൂചിപ്പിക്കുന്നത്. റേറ്റിങിൻറെ കാര്യത്തിൽ ഈ മെച്ചപ്പെടൽ ഉണ്ടായത് മുത്തൂറ്റ് ഫിനാൻസിൻറെ ദീർഘകാല വളർച്ചാ പദ്ധതികളിൽ നിക്ഷേപകർക്കുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കും.

മുത്തൂറ്റ് ഫിനാൻസിന് തങ്ങൾ നൽകിയിരുന്ന ഇഷ്യൂവർ ക്രെഡിറ്റ് റേറ്റിങ് ബിബി/ബിയിൽ നിന്ന് ബിബി പ്ലസ്/ ബി ആയി ഉയർത്തിയിരിക്കുകയാണെന്ന് എസ് ആൻറ് പി ഗ്ലോബൽ റേറ്റിങ്സ് തങ്ങളുടെ വിലയിരുത്തലിൽ ചൂണ്ടിക്കാട്ടി. കമ്പനിയുടെ മികച്ച മൂലധനവും വരുമാനവും അടുത്ത 12 മാസത്തേക്ക് നിലനിർത്തുമെന്നും ശക്തമായ നിയന്ത്രണ സംവിധാനങ്ങളിൽ നിന്നു നേട്ടമുണ്ടാക്കുമെന്നുമാണ് ഇതു സൂചിപ്പിക്കുന്നത്.

തങ്ങളുടെ ബാലൻസ് ഷീറ്റ്, ലാഭക്ഷമത, പ്രവർത്തന മികവ്, സുസ്ഥിര വളർച്ചാ തന്ത്രങ്ങൾ തുടങ്ങിയവ ശക്തമാക്കാൻ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളാണ് ഈ റേറ്റിങിലൂടെ പ്രതിഫലിക്കുന്നതെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. നിക്ഷേപകരും പങ്കാളികളും ഉപഭോക്താക്കളും ഉൾപ്പെടെ എല്ലാവരുടേയും ആത്മവിശ്വാസമാണ് ഇതു ചൂണ്ടിക്കാട്ടുന്നത്. സുസ്ഥിരതയോടെ വിപണി സാഹചര്യങ്ങളിലൂടെ മുന്നേറാൻ തങ്ങൾക്കുള്ള കഴിവിൽ അവർ വിശ്വസിക്കുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

# നെറ്റ്‌വർക്ക് സൈറ്റ്: നേട്ടവുമായി എയർടെൽ

**കോഴിക്കോട്:** ഭാരതി എയർടെൽ കേരളത്തിലെ നെറ്റ്‌വർക്ക് വിപുലീകരിച്ചു. കഴിഞ്ഞ രണ്ട് വർഷത്തിനിടെ കേരളത്തിൽ പുതിയതായി 2500 ഓളം സൈറ്റുകൾ വിന്യസിച്ചു. നിലവിൽ സംസ്ഥാനത്തെ മൊത്തം സൈറ്റുകളുടെ എണ്ണം ഏകദേശം 11,000 ത്തിനടുത്തായി. മലപ്പുറം, പാലക്കാട്, കാസർഗോഡ്, കോട്ടയം, പത്തനംതിട്ട, കൊല്ലം, ഇടുക്കി, ആലപ്പുഴ, വയനാട്, പാലക്കാട്, തിരുവനന്തപുരം, തൃശൂർ, എറണാകുളം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിലെ ഗ്രാമീണ, നഗര മേഖലകളെ ഉൾപ്പെടുത്തി നെറ്റ്‌വർക്ക് വിന്യസിക്കുന്ന സമീപനത്തിലൂടെയാണ് ഈ നേട്ടം കൈവരിച്ചത്.എയർടെല്ലിന്റെ നിർണായക വിപണിയാണ് കേരളം, ഉപഭോക്താക്കൾക്ക് മികച്ച നെറ്റ്‌വർക്ക് അനുഭവം നൽകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും കഴിഞ്ഞ രണ്ട് വർഷത്തിനിടെ 14 ജില്ലകളിലുടനീളം നെറ്റ്‌വർക്ക് ഡെൻസിഫിക്കേഷനിൽ എയർടെൽ സംസ്ഥാനത്ത് ഗണ്യമായ നിക്ഷേപം നടത്തിയിട്ടുണ്ടെന്നും ഭാരതി എയർടെൽ കേരള സിഒ ഗോകുൽ ജെ അഭിപ്രായപ്പെട്ടു



# റെനോ ഇന്ത്യ ഏപ്രിലിൽ വില വർധിപ്പിക്കും

**ന്യൂഡൽഹി:** 2025 ഏപ്രിൽ മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിൽ കാറുകളുടെ വില 2 ശതമാനം വരെ വർധിപ്പിക്കാൻ പദ്ധതിയിടുന്നതായി റെനോ ഇന്ത്യ പ്രഖ്യാപിച്ചു. വ്യത്യസ്ത വകഭേദങ്ങൾക്കും മോഡലുകൾക്കും വർദ്ധനവിന്റെ വ്യാപ്തി വ്യത്യാസപ്പെടും. ഇൻപുട്ട് ചെലവുകൾ നിരന്തരം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് ഈ തീരുമാനം. റെനോ ഇന്ത്യ കൺട്രി സിഇഒയും മാനേജിംഗ് ഡയറക്ടറുമായ വെങ്കട്ടറാം മാമില്ലപ്പള്ളി പറഞ്ഞു, 'വില നിലനിർത്താൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടും, ഇൻപുട്ട് ചെലവുകളിലെ തുടർച്ചയായ വർദ്ധനവ് ഈ വില പുനഃക്രമീകരണം അനിവാര്യമാക്കി. ഞങ്ങളുടെ ഉപഭോക്താക്കളെ പിന്തുണയ്ക്കുന്നതിനായി ഞങ്ങൾ വളരെക്കാലമായി ഈ ചെലവുകൾ ഏറ്റെടുത്തുവരികയായിരുന്നു. എന്നാൽ മികച്ച ഗുണനിലവാരവും നൂതനവുമായ ഉൽപ്പന്നങ്ങൾ ഞങ്ങൾ നൽകുന്നത് തുടരുന്നതിന് വില പരിഷ്കരണം അനിവാര്യമായി.

2023 ഫെബ്രുവരിക്ക് ശേഷം റെനോ ഇന്ത്യ പ്രഖ്യാപിക്കുന്ന ആദ്യ വില വർദ്ധനവാണിത്. ഉപഭോക്താക്കൾക്ക് ആകർഷകമായ ഒരു മൂല്യ നിർദ്ദേശം വാഗ്ദാനം ചെയ്യുന്നതിൽ കമ്പനി പ്രതിജ്ഞാബദ്ധമാണ്, കൂടാതെ ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തുടരും.

# ചാവറ കൾച്ചറൽ സെന്റർ ഓഡിറ്റോറിയം ബിൽഡിങ് ഉദ്ഘാടനം നാളെ

**കൊച്ചി:** കലാ സാംസ്കാരിക രംഗത്ത് അരനൂറ്റാണ്ടിലേറെയായി കൊച്ചിയുടെ നിറസാന്നിധ്യമായി പ്രവർത്തിക്കുന്ന, ഐക്യ രാഷ്ട്ര സഭയുടെ സ്പെഷ്യൽ കൺസൾട്ടേറ്റീവ് സ്റ്റാറ്റസ് ലഭിച്ചിട്ടുള്ള ചാവറ കൾച്ചറൽ സെന്ററിലെ പുതിയ, ആധുനിക സജീകരണങ്ങളോടുകൂടിയ ഓഡിറ്റോറിയവും പ്രിവ്യൂ തീയേറ്ററും 2025 മാർച്ച് 22 ശനിയാഴ്ച രാവിലെ 10 മണിക്ക് സി.എം.ഐ.പ്രിയോർ ജനറാൾ റെവ.ഡോ തോമസ് ചാത്തംപറമ്പിൽ ആശീർവ്വദിക്കും. തുടർന്ന് 10.30 ന് മന്ത്രി പി.രാജീവ് ഉദ്ഘാടനം നിർവഹിക്കും. രമേശ് ചെന്നിത്തല എം.എൽ.എ . മുഖ്യാതിഥിയായിരിക്കും. സി.എം.ഐ. സഭ പ്രിയോർ ജനറാൾ റെവ.ഡോ തോമസ് ചാത്തംപറമ്പിൽ അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ ചാവറ കൾച്ചറൽ സെന്ററിന്റെ ആരംഭം മുതൽ പ്രവർത്തിക്കുന്ന പ്രൊഫ. എം.കെ



സാനു അനുഗ്രഹപ്രഭാഷണം നടത്തും. ഹൈബി ഈഡൻ എം.പി., കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ, ടി.ജെ വിനോദ് എം.എൽ.എ., ചാവറ കൾച്ചറൽ സെന്റർ ചെയർമാൻ ഫാ. മാർട്ടിൻ മള്ളാത്ത് സി.എം.ഐ., കോർപറേഷൻ കൗൺസിലർ പദ്മജ എസ് മേനോൻ, സി.എം.ഐ. സഭ സാമൂഹ്യ സേവന വിഭാഗം ജനറൽ കൗൺസിലർ ഫാ. ബിജു വടക്കേൽ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ, എന്നിവർ പ്രസംഗിക്കും. ചാവറ കൾച്ചറൽ സെന്റർ ഏർപ്പെടുത്തിയ, ചാവറ മീഡിയ അവാർഡ് 2025,' മലയാള മനോരമ കൊച്ചിയിലെ ചീഫ് റിപ്പോർട്ടർ വിനോദ് ഗോപിക്ക് , രമേശ് ചെന്നിത്തലയും ചാവറ കൾച്ചറൽ സെന്റർ ചെയർമാൻ ഫാ. മാർട്ടിൻ മള്ളാത്ത് സി.എം.ഐ. യും ചേർന്ന് സമ്മാനിക്കും.പുതിയ ബിൽഡിങ്ങിന്റെ നിർമാണത്തിനായി പ്രവർത്തിച്ചവരെ ചാവറ കൾച്ചറൽ സെന്റർ ഫിനാൻസ് ഓഫീസർ ഫാ. മാത്യു കിരിയാന്തൻ സി.എം.ഐ., ഉപഹാരം നൽകി ആദരിക്കും. ഫാ. റോബി കണ്ണൻചിറ സി.എം.ഐ, , ഫാ. തോമസ് പുതുശ്ശേരി സി.എം.ഐ, എന്നിവർ പ്രസംഗിക്കും. നർത്തകി അനുപമയും മകൾ പല്ലവി സുരേഷും ചേർന്ന് നൃത്തം അവതരിപ്പിക്കും.

# കേരളത്തിൽ ആവശ്യക്കാർ വർധിക്കുന്നു: വിപണി പിടിച്ച് ഹെയർ കളർ ഷാംപൂ

**കൊച്ചി:** മുടിക്ക് നിറം പിടിപ്പിക്കാനാകുന്ന ഹെയർ കളർ ഷാംപുവിന് കേരളത്തിൽ ആവശ്യക്കാരേറുന്നു. മറ്റൊരാളുടെ സഹായമില്ലാതെ മുടിയ്ക്ക് സ്വയം നിറം നൽകാം എന്നതാണ് ഇതിനെ കൂടുതൽ ആകർഷകമാക്കുന്നതെന്ന്ഗോദ്‌റെജ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡ് (ജിസിപിഎൽ) പേഴ്സണൽ കെയർ മാർക്കറ്റിംഗ് വിഭാഗം മേധാവി നീരജ് സെൻഗുട്ടുവൻ പറഞ്ഞു.ദക്ഷിണേന്ത്യയിലെ 500 കോടി രൂപയുടെ ഹെയർ കളർ ഷാംപൂ വ്യവസായത്തിൽ 72 കോടി രൂപയുടെ വിപണിയും കേരളത്തിലാണ്. മുടിയ്ക്ക് നിറം നൽകാനായി ഉപയോഗിച്ചിരുന്ന പരമ്പരാഗത രീതികളായ മൈലാഞ്ചി, മറ്റ് ഹെയർ കളറിംഗ് പൗഡറുകൾ തുടങ്ങിയവയേക്കാൾ ലളിതമായ ഉപയോഗരീതിയാണ് ഷാംപൂ അടിസ്ഥിതമായുള്ള ഉൽപ്പന്നങ്ങൾക്ക് മികച്ച സ്വീകര്യത നൽകുന്നത്. ഓരോരുത്തരും തങ്ങളുടെ മുടിക്ക് നിറം നൽകാനായി നൂതനവും വ്യക്തിഗതവുമായുമുള്ള പരിഹാരങ്ങൾ തേടുന്നതിനാൽ ഹെയർ കളർ ഷാംപുവിന്റെ ആവശ്യകത വർധിച്ചു വരുന്നതായും നീരജ് സെൻഗുട്ടുവൻ പറഞ്ഞു. സ്ത്രീ പുരുഷ ഭേദമന്യേ അഞ്ച് മിനിറ്റിനുള്ളിൽ മുടികൾക്ക് നിറം നൽകുന്ന ഗോദ്‌റെജ് സെൽഫി പാക്ക് രണ്ട് വിലയിൽ ലഭ്യമാണ്. നീളമുള്ള മുടിയുള്ളവർക്കായി 30 രൂപയുടെ ഷാംപുവും അല്ലാത്തവർക്ക് 15 രൂപയുടെ ഷാംപുവുമാണ് വിപണിയിലുള്ളത്. കുറഞ്ഞ വിലയിൽ മെച്ചപ്പെട്ട ഉൽപ്പന്നം ഉപയോഗിക്കാൻ ഈ ഷാംപൂ ഉപഭോക്താക്കളെ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഛോട്ടി എസ്ഐപിയുമായി കൊട്ടക് മ്യൂച്വൽ ഫണ്ട്

**കൊച്ചി:** ഛോട്ടി എസ്ഐപി (സ്മോൾ ടിക്കറ്റ് എസ്ഐപി) വിഭാഗത്തിൽ എസ്ഐപി അവതരിപ്പിച്ച് കൊട്ടക് മഹീന്ദ്ര അസറ്റ് മാനേജ്മെന്റ് കമ്പനിയുടെ ഭാഗമായ കൊട്ടക് മ്യൂച്വൽ ഫണ്ട്. കൊട്ടകിന്റെ എസ്ഐപിയിൽ 250 രൂപ മുതൽ നിക്ഷേപിക്കാം. ഇന്ത്യയിലെ നിക്ഷേപകരിൽ 5.4 കോടി പേർ മാത്രമാണ് മ്യൂച്വൽ ഫണ്ടുകളിൽ നിക്ഷേപിക്കുന്നതെന്ന് കൊട്ടക് മ്യൂച്വൽ ഫണ്ട് എംഡി നിലേഷ് ഷാ പറഞ്ഞു. ബാക്കിയുള്ള വലിയ വിഭാഗം ജനങ്ങളെ എസ്ഐപി നിക്ഷേപത്തിലേയ്ക്ക് ആകർഷിക്കാൻ പുതിയ ഛോട്ടി എസ്ഐപി വഴിതുറക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. പ്രധാനമായും ആദ്യമായി നിക്ഷേപിക്കുന്നവരെയാണ് ഛോട്ടി എസ്ഐപി ലക്ഷ്യമിടുന്നത്. ഗ്രോത്ത് ഓപ്ഷനിൽ ചുരുങ്ങിയത് 60 മാസ തവണയെങ്കിലും നിക്ഷേപിക്കണം. യുപിഐ ഓട്ടോപേ വഴിയോ എൻ എസിഎച്ച് വഴിയോ മാത്രമേ നിക്ഷേപിക്കാൻ സാധിക്കുകയുള്ളൂ.കൊട്ടക് മഹീന്ദ്ര ബാങ്കിന്റെ പൂർണ ഉടമസ്ഥതയിലുള്ള സ്ഥാപനമായ കൊട്ടക് മഹീന്ദ്ര അസറ്റ് മാനേജ്മെന്റ് കമ്പനിയാണ് കൊട്ടക് മ്യൂച്വൽ ഫണ്ടിന്റെ അസറ്റ് മാനേജർ.

# വെൽത്ത് ക്രിയേഷൻ പ്ലാറ്റ് ഫോം വേദാർത്ഥയുമായി ബന്ധൻ എഎംസി

**കൊച്ചി:** ബന്ധൻ എഎംസി പുതിയ ബദൽ നിക്ഷേപ പ്ലാറ്റ്ഫോം വേദാർത്ഥ അവതരിപ്പിച്ചു. ബന്ധൻ എഎംസിയുടെ ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടുകൾ (എഐഎഫ്) പോർട്ട്ഫോളിയോ മാനേജ്മെന്റ് സർവീസസ് (പിഎംഎസ്) എന്നിവയ്ക്ക് കീഴിലുള്ള ലിസ്റ്റഡ് ഇക്വിറ്റികളും സ്ഥിര വരുമാന പരിഹാരങ്ങളും ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്നതിനാണ് പുതിയ പ്ലാറ്റ്ഫോം ലക്ഷ്യമിടുന്നതെന്ന് ബന്ധൻ എഎംസി സിഇഒ വിശാൽ കപൂർ പറഞ്ഞു.വേദാർത്ഥയ്ക്ക് കീഴിൽ വാഗ്ദാനം ചെയ്യുന്ന ലിസ്റ്റഡ് ഇക്വിറ്റികൾ മേധാവി മൃണാൾ സിംഗ് നയിക്കുന്ന ടീമും സ്ഥിര വരുമാന ഉൽപ്പന്നങ്ങൾ പിഎംഎസ് ആൻഡ് ആൾട്ടർനേറ്റീവ് ഫിക്സഡ് ഇൻകം മേധാവി ഭൂപേന്ദ്ര മീൽ നയിക്കുന്ന ടീം കൈകാര്യം ചെയ്യും.വൈവിധ്യമുള്ള സമർപ്പിതരും പരിചയസമ്പന്നരുമായ ഒരു നിക്ഷേപ സംഘവും 1520 വർഷം പരിചയമുള്ള സീനിയർ മാനേജ്മെന്റ് ടീമും വേദാർത്ഥയെ പിന്തുണയ്ക്കുന്നു. ബന്ധൻ എഎംസിയുടെ 25 വർഷത്തെ പാരമ്പര്യവും ബന്ധൻ ഗ്രൂപ്പ്. ജിഐസി (സിംഗപ്പൂർ), ക്രിസ് ക്യാപിറ്റൽ എന്നിവയുടെ പിന്തുണയും ഇതിനുണ്ടെന്നും വിശാൽ കപൂർ പറഞ്ഞു.

# ഭക്ഷണവിതരണം: വളർച്ച കൈവരിച്ച് ബോൾട്ട് ബൈ സ്വിഗ്ഗി

**തിരുവനന്തപുരം:** ബോൾട്ട് ബൈ സ്വിഗ്ഗി തിരുവനന്തപുരത്ത് മികച്ച വളർച്ച നേടുന്നതായി സ്വിഗ്ഗി. മുൻ മാസത്തേക്കാൾ 42 ശതമാനം ഓർഡർ വളർച്ച കൈവരിച്ച ഈ ക്വിക്ക് ഫുഡ് ഡെലിവറി സേവനം, റെസ്റ്റോറന്റുകളിൽ ബിസിനസുകൾ വർധിപ്പിക്കുക കൂടി ചെയ്തെന്ന് സ്വിഗ്ഗി ചൂണ്ടിക്കാട്ടി. സൂപ്പർസ്മാർട്ട് ബാക്കെൻഡ് ഒപ്റ്റിമൈസേഷൻ ഉപയോഗപ്പെടുത്തി പത്ത് മിനിറ്റിനുള്ളിൽ ഡെലിവറി വാഗ്ദാനം ചെയ്യുന്ന ബോൾട്ട് ബൈ സ്വിഗ്ഗി നഗരത്തിന്റെ ഭക്ഷണരീതിയിൽ തന്നെ മാറ്റം വരുത്തുകയാണ്. തിരുവനന്തപുരത്തെ 50 ശതമാനം റെസ്റ്റോറന്റുകളും പങ്കുചേരുന്നതിനാൽ പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, അത്താഴം, ലഘുഭക്ഷണം തുടങ്ങിയ വിഭാഗങ്ങളിലായി 12,000 ത്തിലധികം വിഭവങ്ങൾ ഇവിടെ ലഭ്യമാണ്.

ബിസിനസ് ലോകം

സൊസൈറ്റി ടുഡേ
SOCIETY TODAY

# വേദാന്തയുടെ കമ്പനികൾ 100 ബില്യൺ ഡോളർ കമ്പനികളായി വളരും

**കൊച്ചി:** വേദാന്തയുടെ വിഭജിക്കപ്പെടുന്ന ഓരോ പുതിയ കമ്പനിയും 100 ബില്യൺ ഡോളർ കമ്പനികളായി വളരാൻ കഴിവുണ്ടെന്ന് വേദാന്ത ചെയർമാൻ അനിൽ അഗർവാൾ ഓഹരി ഉടമകൾക്കയച്ച കത്തിൽ ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ പ്രകൃതി വിഭവ മേഖലയെ മുന്നോട്ടു കൊണ്ടു പോകാനും മൂല്യങ്ങൾ നൽകാനുമുള്ള കമ്പനിയുടെ പ്രതിബദ്ധതയും അദ്ദേഹം എടുത്തു പറഞ്ഞു. വേദാന്തയുടെ പ്രഖ്യാപിത ഓഹരി വിഭജനത്തിലൂടെ മാനേജ്മെൻറ് ഘടനകൾ, മൂലധന ചട്ടക്കൂടുകൾ, തന്ത്രപരമായ മുൻഗണനകൾ എന്നിവയുള്ള പ്രകൃതിവിഭവ കേന്ദ്രീകൃതമായ നാല് സ്വതന്ത്ര സ്ഥാപനങ്ങൾ സ്ഥാപിക്കാനാണ് നിർദ്ദേശമുള്ളത്. കമ്പനിയുടെ ഈ നീക്കങ്ങൾ ഓഹരി ഉടമകൾക്ക് പ്രത്യക്ഷമായ ഗുണമുണ്ടാക്കുമെന്നും കമ്പനിയുടെ കഴിവുകളും സാമ്പത്തിക അച്ചടക്കവും ശക്തമായ വളർച്ചയ്ക്കും നേട്ടങ്ങൾക്കും വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ടാറ്റാ എഐഎ ശുഭ് ഫ്ളെക്സി ഇൻകം പ്ലാൻ അവതരിപ്പിച്ചു

**കൊച്ചി:** ടാറ്റ എഐഎ ലൈഫ് ഇൻഷൂറൻസ് ടാറ്റ എഐഎ ശുഭ് ഫ്ളെക്സി ഇൻകം പ്ലാൻ അവതരിപ്പിച്ചു. വ്യക്തികളുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് ക്രമീരിക്കാവുന്നതാണ് ഈ നോൺ ലിങ്ക്ഡ് പാർട്ടിസിപ്പേറ്റിങ് ലൈഫ് ഇൻഷൂറൻസ് സേവിങ്സ് പദ്ധതിയെന്ന് ടാറ്റ എഐഎ ലൈഫ് പ്രൊഡക്ട്സ്, ബിസിനസ് മിഡ് ഓഫിസ് ആൻറ് ഡിജിറ്റൽ മാർക്കറ്റിങ് മേധാവിയും എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറുമായ സുജിത് കൊത്താരേ പറഞ്ഞു.ദീർഘകാല സമ്പാദ്യത്തിനു സഹായകമായ എൻഡോവ്മെൻറ് ഓപ്ഷൻ, സ്ഥിരമായ കാഷ് ഫ്ളോ ലക്ഷ്യമിടുന്നവർക്ക് അനുയോജ്യമായ ഏർളി ഇൻകം ഓപ്ഷൻ, ദീർഘകാല സമ്പത്തു സൃഷ്ടിക്കലും നേരത്തെയുള്ള റിട്ടയർമെൻറും ലക്ഷ്യമിടുന്നവർക്കുള്ള ഡിഫേർഡ് ഇൻകം ഓപ്ഷൻ എന്നിങ്ങനെ സാമ്പത്തിക ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി മൂന്ന് ഓപ്ക്ഷനുകൾ ഈ പ്ലാൻ നൽകുന്നുണ്ട്. സമ്പത്തു സൃഷ്ടിക്കൽ മാത്രമല്ല, അനിവാര്യമായ പരിരക്ഷാ സവിശേഷതകളും ഈ പദ്ധതിയുടെ പ്രത്യേകതയാണെന്നും സുജിത് കൊത്താരേ പറഞ്ഞു. ഉപഭോക്താക്കൾക്ക് തങ്ങളുടെ സാമ്പത്തിക ഭാവിയുടെ നിയന്ത്രണം ഏറ്റെടുക്കാൻ പര്യാപ്തരാക്കുന്ന വിധത്തിലാണ് ശുഭ് ഫ്ളെക്സി ഇൻകം പ്ലാൻ അവതരിപ്പിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# വനിതകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷൻ വനിതകൾക്കായി മാർച്ച് 25ന്, ചക്കയിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിൽ പരിശീലനം നൽകുന്നു. ആലുവ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിലാണ് പരിശീലനം. വിവരങ്ങൾക്ക് വിളിക്കുക; 9072600771, 04843548159.

# യുടിഐ മിഡ് ക്യാപ് ഫണ്ട്: ആസ്തികൾ 9890 കോടി രൂപ കടന്നു

**കൊച്ചി:** യുടിഐ മിഡ് ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തികൾ 9890 കോടി രൂപ കടന്നതായി 2025 ഫെബ്രുവരി 28ലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഫണ്ടിന്റെ ഏകദേശം 70 ശതമാനം മിഡ് ക്യാപ് ഓഹരികളിലും 21 ശതമാനം സ്മോൾ ക്യാപ് ഓഹരികളിലും ബാക്കിയുള്ളത് ലാർജ് ക്യാപ് ഓഹരികളിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.കോഫോർജ് ലിമിറ്റഡ്, ഫീനിക്സ് മിൽസ് ലിമിറ്റഡ്, പെർസിസ്റ്റന്റ് സിസ്റ്റംസ് ലിമിറ്റഡ്, അജന്ത ഫാർമ ലിമിറ്റഡ്, പിബി ഫിൻടെക് ലിമിറ്റഡ്, ആൽക്കെം ലബോറട്ടറീസ് ലിമിറ്റഡ്, സോളാർ ഇൻഡസ്ട്രീസ് ഇന്ത്യ ലിമിറ്റഡ്, മാക്സ് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, പോളികാബ് ഇന്ത്യ ലിമിറ്റഡ്, ഇന്ത്യൻ ബാങ്ക് തുടങ്ങിയവയിലാണ് ഏകദേശം 21 ശതമാനം വരുന്ന നിക്ഷേപവും.

# മ്യൂച്വൽ ഫണ്ട് സെലക്ഷൻ ടൂൾ പുറത്തിറക്കി ഫോൺപേ വെൽത്ത്

**കൊച്ചി :**മ്യൂചൽ ഫണ്ട് നിക്ഷേപ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്ന തരത്തിലുള്ള കൂടുതൽ വിവരങ്ങൾ നിക്ഷേപകർക്ക് നൽകുന്നതിനായി ക്രിസ്പ് എന്ന പേരിൽ പ്രത്യേക ടൂൾ പുറത്തിറക്കിയതായി ഫോൺപേ വെൽത്ത് അറിയിച്ചു. 2019 ഡിസംബർ 31ന് 20 ദശലക്ഷം ആയിരുന്ന ഇന്ത്യയിലെ മ്യൂചൽ ഫണ്ട് നിക്ഷേപകരുടെ എണ്ണം 2024 ഡിസംബർ 31ന് 53 ദശലക്ഷമായി വളർന്നു എങ്കിലും ശരിയായ ഫണ്ടുകൾ തിരഞ്ഞെടുക്കുന്നത് മിക്ക നിക്ഷേപകർക്കും ഇന്നും ഒരു പ്രധാന വെല്ലുവിളിയായി തുടരുകയാണ്. ഈ സാഹചര്യത്തിലാണ് ഈ ടൂൾ പുറത്തിറക്കിയിട്ടുള്ളതെന്നും ഫോൺപേ വെൽത്ത് അറിയിച്ചു.

# ഹൃദയമൊഴികൾ പ്രകാശനം ചെയ്തു

**കൊച്ചി:** സിസ്റ്റർ മെൽവിൻ എഴുതിയ 'ഹൃദയമൊഴികൾ' പ്രകാശനം ചെയ്തു. എറണാകുളം പാലാരിവട്ടം പി.ഒ.സിയിൽ നടന്ന ചടങ്ങിൽ പി.ഒ.സി ഡയറക്ടർ ഫാ തോമസ് തറയിൽ, കെസിബിസി മീഡിയ സെക്രട്ടറി ഫാ സിബു ഇരിമ്പിനിക്കലിന് പുസ്തകത്തിന്റെ ആദ്യ കോപ്പി നൽകി പ്രകാശനം നിർവ്വഹിച്ചു. ഫാ മൈക്കിൾ പുളിക്കൽ സി എം ഐ, ഫാ ജോജു കൊക്കാട്ട്, ഫാ ടോണി കോഴിമണ്ണിൽ,അനു മൈക്കിൾ തുടങ്ങിയവർ പങ്കെടുത്തു. സിസ്റ്റർ മെൽവിൻ മറുപടി പ്രസംഗം നടത്തി.

# ഡോ. ആസാദ് മൂപ്പന് ആഗോള സംരംഭക പുരസ്കാരം



**കൊച്ചി:** ബംഗളൂരുവിൽ നടന്ന രണ്ടാമത് ഇ.ടി സംരംഭക ഉച്ചകോടിയിൽ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പനെ ഇക്കൊല്ലത്തെ ആഗോള സംരംഭകനായി തെരെഞ്ഞെടുത്തു. ഇന്ത്യക്കകത്തും അന്താരാഷ്ട്ര തലത്തിലും ആരോഗ്യമേഖലയുടെ നവീകരണത്തിന് കാഴ്ചവെച്ച സംഘാടന മികവും നേതൃപാഠവവും കണക്കിലെടുത്താണ് ഡോ. ആസാദ് മൂപ്പനെ തെരെഞ്ഞെടുത്തത്. ബിസിനസ് രംഗത്തെ മികവും നേട്ടങ്ങളും കണ്ടെത്തി ആദരിക്കുന്ന പരിപാടിയാണ് ഇ.ടിയുടെ സംരംഭക പുരസ്കാര ഉച്ചകോടി.

1987ൽ ദുബായിൽ ഒരു ചെറിയ ക്ലിനിക്ക് തുടങ്ങിക്കൊണ്ടാണ് ഡോ. ആസാദ് മൂപ്പൻ തന്റെ വ്യവസായ ജീവിതം തുടങ്ങുന്നത്.

ആ ക്ലിനിക്കിൽ അന്ന് ആസാദ് മൂപ്പൻ എന്ന ഒരൊറ്റ ഡോക്ടർ മാത്രമാണ് ഉണ്ടായിരുന്നത്. പിന്നീടുള്ള 38 വർഷങ്ങൾ കൊണ്ട്, ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ലോകത്തെ ഏഴ് രാജ്യങ്ങളിൽ സാന്നിധ്യമുള്ള ആശുപത്രിശൃംഖലയായി വളരുകയായിരുന്നു.

ഇന്ത്യയിൽ നിലവിലുള്ള മറ്റ് ആശുപത്രികൾ ഏറ്റെടുത്ത് ആസ്റ്റർ ശൃംഖലയുടെ ഭാഗമാക്കിക്കൊണ്ടുള്ള വളർച്ചയാണ് കമ്പനി ലക്ഷ്യമിടുന്നത്. ബ്ലാക്സ്റ്റോണിന് നിക്ഷേപമുള്ള ക്വാളിറ്റി കെയർ ലിമിറ്റഡുമായുള്ള ലയനം ആ നീക്കത്തിന്റെ ഭാഗമായിരുന്നു.

അതോടെ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ശൃംഖലയിൽ ഇന്ത്യയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെ എണ്ണം 38 ആയി ഉയരുകയും രാജ്യത്തെ ഏറ്റവും വലിയ മൂന്നാമത്തെ ഹോസ്പിറ്റൽ ശൃഖലയായി മാറുകയും ചെയ്തു.

27 നഗരങ്ങളിലായി 10,150 ലധികം രോഗികളെകിടത്തിചികിൽസിക്കുന്നതിനുള്ള സംവിധാനമാണ് ഇപ്പോൾ ഇന്ത്യയിൽ ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിനുള്ളത്.

# ഐഐഎച്ച്എൽ മൂല്യം 50 ബില്യൺ ഡോളറിലെത്തിക്കും



**കൊച്ചി:** റിലയൻസ് ക്യാപിറ്റലിനെ ഏറ്റെടുത്തതോടെ ഇൻഡസ്ഇൻഡ് ഇൻറർനാഷണൽ ഹോൾഡിങ്സ് ലിമിറ്റഡിന്റെ (ഐഐഎച്ച്എൽ) മൂല്യം 2030ഓടെ 50 ബില്യൺ ഡോളറിലെത്തിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് ഇൻഡസ് ഇൻഡ് ഇൻറർനാഷണൽ ഹോൾഡിങ്സ് ചെയർമാൻ അശോക് ഹിന്ദുജ പറഞ്ഞു. കമ്പനിയെ ഏറ്റെടുക്കുന്ന മൂന്നു വർഷം നീണ്ടു നിന്നു പ്രക്രിയ പൂർത്തിയാക്കിയതായും അദ്ദേഹം പറഞ്ഞു.9650 കോടി രൂപയുടെ വാഗ്ദാനമായിരുന്നു ഇൻഡസ്ഇൻഡ് ഹോൾഡിങ്സ് റിലയൻസ് ക്യാപിറ്റലിനെ ഏറ്റെടുക്കുന്നതിനായി നൽകിയിരുന്നത്.

കൈമാറ്റത്തിനായി തങ്ങളുടെ ഭാഗത്തു നിന്നുള്ള നടപടികൾ പൂർത്തിയായതായും മൂന്നു വർഷമായി ഈ ഇടപാടിനായി തങ്ങൾ പ്രവർത്തിക്കുയായിരുന്നു എന്നും ഹിന്ദുജ പറഞ്ഞു. മൂല്യം സൃഷ്ടിച്ചതിനു രണ്ടു വർഷത്തിനു ശേഷമായിരിക്കും ഇൻഷുറൻസ് കമ്പനികൾ ലിസ്റ്റു ചെയ്യുക. റിലയൻസ് ക്യാപിറ്റലിൻറെ മുഴുവൻ ബിസിനസുകളും വിലയിരുത്തുന്നത് പൂർത്തിയാക്കുകയും ആവശ്യമായ അവസരങ്ങളിൽ ഫണ്ട് ലഭ്യമാക്കുകയും ചെയ്യും. സാമ്പത്തിക സേവന സ്ഥാപനത്തിന് 1.28 ലക്ഷം ജീവനക്കാരുണ്ട്. പുതിയ മാനേജുമെൻറ് ജീവനക്കാരുടെ താൽപര്യങ്ങൾ സാധ്യമായ പരമാവധി സംരക്ഷിക്കും.

എൻസിഎൽടി അനുമതി പ്രകാരം മൂന്നു വർഷത്തേക്ക് ഇതേ പേരുപയോഗിക്കാൻ തങ്ങൾക്കാവുമെങ്കിലും ഇൻഡസ്ഇൻഡ് ബ്രാൻഡ് പ്രൊമോട്ടു ചെയ്യാനാണു തങ്ങൾക്കു താൽപര്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# വെൽവിഷേഴ്സ് മീറ്റുമായി കോട്ടയം എ എസ് ജി വാസൻ ഐ കെയർ

**കോട്ടയം:** കോട്ടയം എ എസ് ജി വാസൻ ഐ കെയർ വെൽവിഷേഴ്സ് മീറ്റ് സംഘടിപ്പിച്ചു. പുതുപ്പള്ളി എം എൽ എ ചാണ്ടി ഉമ്മൻ ഓൺലൈൻ ആയി ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു. നേത്ര ശസ്ത്രക്രിയ കഴിഞ്ഞ രോഗികളും മീറ്റിങ്ങിന്റെ ഭാഗമായിരുന്നു.ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്ക് മാർച്ച് 20 മുതൽ ഏപ്രിൽ 20 വരെ ഒരുമാസ കാലയളവിലേക്ക് ഡോക്ടർമാരുടെ കൺസൾട്ടേഷൻ സൗജന്യമായിരിക്കും. കൂടാതെ, അനുബന്ധ ആനുകൂല്യങ്ങളും ഇവർക്ക് ലഭ്യമാക്കും. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഹേമലത ചടങ്ങിൽ എസ് ജി വാസൻ ഐ കെയറിന്റെ പ്രത്യേക ആനുകൂല്യങ്ങളുള്ള പ്രിവിലേജ് കാർഡ് അവതരിപ്പിച്ചു.

കോട്ടയം ആർ.ടി.ഒ എൻഫോഴ്സ്മെന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ വേൽഗൗതം, ചങ്ങനാശ്ശേരി ഇ.സി.എച്ച്.എസ് പോളിക്ലിനിക് ഓഫീസർ ഇൻ ചാർജ് ഹരി കുമാർ, മെഡിക്കൽ ട്രസ്റ്റ് ആശുപത്രി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ ഹെഡും കോട്ടയം മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ മുൻ ഡയറക്ടറുമായ ഡോ. റെജിറാം എസ്, കോട്ടയം സെന്ററിലേ ഗ്ലോക്കോമ ആന്റ് മെഡിക്കൽ റെറ്റിന സീനിയർ കൺസൾട്ടന്റ് ഡോ. ആഷാ ജെയിംസ്, വാസൻ ഐ കെയർ ഹോസ്പിറ്റൽസ് ഡയറക്ടർ സുന്ദരമുരുകേശൻ, ഓപ്പറേഷൻസ് ആന്റ് മാർക്കറ്റിംഗ് ഡയറക്ടർ ഡോ. ബാനു പ്രതാപ് സിംഗ്, ബിസിനസ് ഡെവലപ്മെന്റ് റീജിയണൽ മാനേജർ ദീപക് നായർ, കോട്ടയം സെന്റർ ഹെഡ് മാത്യു തോമസ് തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. ചടങ്ങിൽ രോഗികൾ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു.




# സ്ത്രീകൾക്കായി സോളോ യാത്രയും ഇവന്റുകളുമൊരുക്കി ദുബായ്

**കൊച്ചി:** അവധിക്കാലം ദുബായിൽ ആഘോഷിക്കാൻ സ്ത്രീകൾക്കായി വിവിധ ഓഫറുകളും ഇവന്റുകളുമൊരുക്കി ദുബായ്. സോളോ ട്രിപ്പും സ്ത്രീകൾക്ക് മാത്രമായുള്ള ഇടങ്ങളും ഒരുക്കിയാണ് ദുബായ് വനിതകളെ വരവേൽക്കാനൊരുങ്ങുന്നത്. ഇതിന്റെ ഭാഗമായി ദുബായിലെ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളെല്ലാം തയ്യാറായിക്കഴിഞ്ഞു.

ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്ററിന്റെ (ഡിഐഎഫ്സി) ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ലാൻഡ്മാർക്ക് ഹോട്ടലായ ജുമൈറ എമിറേറ്റ്സ് ടവേഴ്സ് വനിതാ അതിഥികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഡീലക്സ് മുറികളുടെ ഒരു ശ്രേണി വാഗ്ദാനം ചെയ്യുന്നു. ആകർഷകമായ നഗര കാഴ്ചകൾ, ഇൻറും സൗന്ദര്യവർദ്ധക വസ്തുക്കൾ, ചർമ്മ സംരക്ഷണ ചില്ലർ, ബാത്ത് റൂമുകൾ, ചെരിപ്പുകൾ, ആഢംബര ബാത്ത്റൂം സൗകര്യങ്ങൾ തുടങ്ങിയവ ഇവിടെ ഒരുക്കിയിട്ടുണ്ട്.

ജുമൈറ ബീച്ച് തീരത്ത് സ്ഥിതി ചെയ്യുന്ന ദുബായ് ലേഡീസ് ക്ലബിൽ അസല്ല സ്പാ, ഫിറ്റ്നസ് സെന്റർ, നീന്തൽക്കുളങ്ങൾ, സ്വകാര്യ ബീച്ച് , വാട്ടർ സ്പോർട്സ്, വർക്ക്ഔട്ടുകൾ, ആർട്ട് എക്സിബിഷനുകൾ, ഫാഷൻ ഷോകൾ, പാചക പരിപാടികൾ എന്നിവ ഉൾപ്പെടുന്നു. സ്ത്രീകൾക്ക് മാത്രമുള്ള സ്വകാര്യ ബീച്ച്, നീന്തൽക്കുളം എന്നിവയും ഹോളി ആഘോഷങ്ങളുടെ മാറ്റ് കൂട്ടാനായി സജ്ജമാക്കിയിട്ടുണ്ട്.

ദെയ്റയിലെ ഗോൾഡ് സൂക്കിന് സമീപം സ്ഥിതി ചെയ്യുന്ന ബെയ്ത് അൽ ബനാത്ത് വിമൻസ് മ്യൂസിയത്തിൽ വിവിധ എക്സിബിഷനുകൾ കാണാൻ അവസരമുണ്ട്. എല്ലാ തിങ്കളാഴ്ചകളും വനിതാ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി പലാസോ വെർസാസിലെ സ്പായിൽ 50% ഡിസ്കൗണ്ട് നൽകുന്നു.

# അവധിക്കാലത്ത് സഞ്ചാരികൾക്ക് ഓഫറുകളുമായി ക്ലിയർട്രിപ്പ്

**കൊച്ചി:** വേനൽ അവധിക്കാലം ആരംഭിക്കാനിരിക്കേ 'നേഷൻ ഓൺ വെക്കേഷൻ' സെയിലിന്റെ മൂന്നാം പതിപ്പുമായി ഫ്ളിപ്പ്കാർട്ട് കമ്പനിയായ ക്ലിയർട്രിപ്പ്. 9 ദിവസം നീളുന്ന ഈ യാത്രാ ബുക്കിംഗ് ഓഫർ മേള മാർച്ച് 20ന് ആരംഭിക്കും. ഫ്ളൈറ്റ്, ഹോട്ടൽ ബുക്കിംഗുകൾക്കും മറ്റ് പാക്കേജുകൾക്ക് വലിയ കിഴിവുകൾ ഈ ഓഫറിലൂടെ ഉപഭോക്താക്കൾക്ക് ലഭിക്കും. ചുരുങ്ങിയ ചിലവിൽ തങ്ങളുടെ സ്വപ്ന സ്ഥലങ്ങളിലേക്ക് അവധിക്കാലം ആസ്വദിക്കുവാനുള്ള സുവർണാവസരമാണ് നേഷൻ ഓൺ വെക്കേഷൻ. 3.0 സെയിലൂടെ ക്ലിയർ ട്രിപ്പ് വാഗ്ദാനം ചെയ്യുന്നതെന്ന് ക്ലിയർട്രിപ് ചീഫ് ഗ്രോത്ത് ആന്റ് ബിസിനസ് ഓഫീസർ അനുജ് റാതി പറഞ്ഞു.

അവധിക്കാലത്ത് ഫ്ളൈറ്റ് ബുക്കിംഗ് ചാർജുകൾ ഏറ്റവും ചുരുങ്ങിയത് 15% എങ്കിലും ഉയരുവാനുള്ള സാധ്യതകളുണ്ട്. ഈ സാധ്യത മുന്നിൽക്കണ്ട് നിരക്ക് വർധനവിന് മുന്നേ തന്നെ യാത്രകൾ പ്ലാൻ ചെയ്യുവാനും മുൻകൂട്ടി ടിക്കറ്റ് ബുക്ക് ചെയ്യുവാനും ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കുകയാണ് ക്ലിയർട്രിപ്പ്. ഏറ്റവും മികച്ച നിരക്കിൽ ടിക്കറ്റുകൾ സ്വന്തമാക്കാൻ ഇതിലൂടെ ഉപഭോക്താക്കൾക്ക് സാധിക്കും.

ക്ലിയർട്രിപ്പ് ചോയ്സിലൂടെ ബുക്കിംഗ് ഫ്ളെക്സിബിലിറ്റി ഉപഭോക്താക്കൾക്ക് സ്വന്തമാക്കാം. ക്ലിയർട്രിപ്പ് ചോയ്സ് പ്ലസ്, ക്ലിയർ ട്രിപ്പ് ചോയ്സ് മാക്സ് എന്നിവയിലൂടെ ബുക്കിംഗുകളിൽ മാറ്റം വരുത്തുവാനോ, മുഴുവൻ തുക റീഫണ്ടിംഗോടുകൂടി ബുക്കിംഗ് ക്യാൻസൽ ചെയ്യുവാനും സാധിക്കും.

ഫ്ളൈറ്റ് ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ ഉണ്ടാകുന്ന വലിയ നഷ്ടം ഇതിലൂടെ ഇല്ലാതാക്കാം.

മിന്ത്ര, ഫ്ളിപ്കാർട്ട് ലോയൽറ്റി മെമ്പേഴ്സിന് എക്സ്ക്ലൂസീവ് ഡിസ്കൗണ്ടുകളും ഓഫറുകളും ക്ലിയർട്രിപ്പ്, ഫ്ളിപ്കാർട്ട് ട്രാവൽ പ്ലാറ്റ്ഫോമുകളിൽ ലഭിക്കും. വരും മാസങ്ങളിൽ ഫ്ളൈറ്റ് നിരക്കുകൾ വർധിക്കുവാൻ സാധ്യതയുള്ള സാഹചര്യത്തിൽ നാഷൻ ഓൺ വെക്കേഷന്റെ ഈ പതിപ്പിലൂടെ യാത്രക്കാരെ ഈ നിരക്ക് വർധനവിൽ നിന്നും സഹായിക്കുകയാണ് ക്ലിയർട്രിപ്പ്. നേരത്തേ യാത്ര പ്ലാൻ ചെയ്യുന്നതിലൂടെ ടിക്കറ്റ് നിരക്കുകളിലെ അനാവശ്യ അധിക ചിലവുകൾ ഒഴിവാക്കുവാനും മിതമായ നിരക്കിൽ തടസ്സങ്ങളില്ലാത്ത, മനോഹരമായ യാത്രാനുഭവം സ്വന്തമാക്കുകയും ചെയ്യാമെന്നും അനുജ് റാതി പറഞ്ഞു.

# സ്പോർട് ഡ്രൈവ്: ഗ്ലോബൽ ടെക്നോളജീസ് അവതരിപ്പിച്ച് സിയറ്റ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ടയർ നിർമാതാക്കളായ സിയറ്റ് സ്പോർട് ഡ്രൈവ് ശ്രേണിയിൽ മൂന്ന് നൂതന ടയർ ഫീച്ചറുകൾ അവതരിപ്പിച്ചു. പുതിയ മാറ്റത്തോടെ കാംസാങ്കേതികവിദ്യ ഉപയോഗിച്ച് മണിക്കൂറിൽ 300 കി.മീ കൂടുതൽ വേഗത കൈകാര്യം ചെയ്യാൻ കഴിവുള്ള റൺഫ്ലാറ്റ് ടയറുകളും (ആർഎഫ്ടി), 21 ഇഞ്ച് ഇസഡ്ആർ റേറ്റഡ് ടയറുകളും നിർമ്മിക്കുന്ന ആദ്യത്തെ ഇന്ത്യൻ ടയർ നിർമാതാവെന്ന നേട്ടവും സിയറ്റ് സ്വന്തമാക്കിയതായി സിയറ്റ് എംഡിയും സിഇഒയുമായ അർണബ് ബാനർജി പറഞ്ഞു.




അൾട്രാഹൈപെർഫോമൻസ്, ലക്ഷ്വറി ഫോർവീലർ വിഭാഗത്തിൽ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്തുന്ന ഈ സാങ്കേതിക ഫീച്ചറുകൾ ഇന്ത്യയുടെ ഓട്ടോമോട്ടീവ് നിർമാണ ശേഷിയിലെ ഒരു സുപ്രധാന നാഴികക്കല്ല് കൂടിയാണ്. ജർമനിയിലെ പ്രമുഖ അന്താരാഷ്ട്ര ഓട്ടോമോട്ടീവ് സൗകര്യങ്ങളിൽ പരീക്ഷണം പൂർത്തിയാക്കിയ സിയറ്റിന്റെ ഏറ്റവും പുതിയ ടയർ ഫീച്ചറുകൾ, പ്രകടനത്തിന്റെയും സുരക്ഷയുടെയും ഉയർന്ന നിലവാരവും ഉറപ്പാക്കുന്നുണ്ട്.

അൾട്രാലക്ഷറി, ഹൈപെർഫോമൻസ് കാറുകൾക്കും എസ്‌യുവികൾക്കും വേണ്ടി രൂപകൽപന ചെയ്തവയാണ് ഹൈ പെർഫോമൻസ് സ്പോർട്സ് ഡ്രൈവ് ശ്രേണി.മണിക്കൂറിൽ 300 കി.മീറ്ററിൽ കൂടുതൽ വേഗത കൈകാര്യം ചെയ്യുന്നതിനായി വികസിപ്പിച്ചെടുത്തതാണ് ഇസഡ്ആർ റേറ്റഡ് ടയറുകൾ. റോഡ് ശബ്ദം കുറയ്ക്കുന്നതിനും ഡ്രൈവിങ് അനുഭവം മെച്ചപ്പെടുത്തുന്നതിനുമായാണ് കാം സാങ്കേതികവിദ്യ രൂപകൽപന ചെയ്തിരിക്കുന്നത്. റൺഫ്ളാറ്റ് ടയറുകൾ പഞ്ചറിന് ശേഷവും സുരക്ഷയും ഈടും മനസമാധാനത്തോടെയുള്ള ഡ്രൈവിങും ഉറപ്പാക്കുമെന്നും അർണബ് ബാനർജി പറഞ്ഞു. വ്യക്തമാക്കി.ഡൽഹി എൻസിആർ, മുംബൈ, കൊൽക്കത്ത, പൂനെ, ചണ്ഡീഗഡ്, ഉത്തർപ്രദേശ്, ബെംഗളൂരു, തമിഴ്നാട്, കോയമ്പത്തൂർ, മധുര, കേരളം, ഹൈദരാബാദ്, ഗുവാഹത്തി, അഹമ്മദാബാദ് തുടങ്ങിയ പ്രധാന വിപണികളിൽ സിയറ്റിന്റെ പുതിയ പ്രീമിയം ടയർ ശ്രേണി ഏപ്രിൽ മുതൽ ലഭ്യമാകും.

15000 രൂപ മുതൽ 20000 രൂപ വരെയാണ് റൺഫ്ളാറ്റ് ടയറുകളുടെ വില. 25000 രൂപ മുതൽ 30000 രൂപ വരെയാണ് 21 ഇഞ്ച് ഇസഡ്ആർ റേറ്റഡ് അൾട്രാഹൈപെർഫോമൻസ് കാം ടെക്നോളജി ടയറുകളുടെ വില.ടയർ എഞ്ചിനീയറിങിലെ മികവ് നേടാനുള്ള തങ്ങളുടെ അശ്രാന്ത പരിശ്രമത്തിന്റെ തെളിവാണ് സിയറ്റിന്റെ ഏറ്റവും പുതിയ ആശയങ്ങളെന്ന് സിയറ്റ് സിഎംഒ ലക്ഷ്മി നാരായണൻ ബി അഭിപ്രായപ്പെട്ടു.

